വൈറസേ വണക്കം: അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ തേടി

ഫാ. ഡോ. കെ. എം. ജോർജ്

കൊറോണ (Corona) എന്ന ലത്തീൻ പദത്തിനർത്ഥം 'കിരീടം' (crown) എന്നാണ്. നിരവധി അംഗങ്ങളുള്ള ഒരു വൈറസ് കുടുംബത്തിന്റെ പൊതു പേരാണ് കൊറോണ. അതിസൂക്ഷ്മമായ ഇലക്ട്രോൺ മൈക്രോസ്കോപ്പിൽ മാത്രം കാണുന്ന ഈ വൈറസിന് വൃത്താകാരവും രാജകിരീടത്തിലെ പൊടിപ്പുകൾ പോലെ തോന്നിക്കുന്ന 'മുള്ളു'കളും ഉള്ളതുകൊണ്ടാണ് കൊറോണ എന്ന പേര് കിട്ടിയത്. മനുഷ്യരാശിയെ ഒന്നടങ്കം ദുഃഖ കിരീടം ധരിപ്പിച്ചിരിക്കുന്നു അദൃശ്യമായ ഈ വൈറസ്. സാധാരണ ജലദോഷം മുതൽ ന്യൂമോണിയ തുടങ്ങിയ ശ്വാസകോശ രോഗങ്ങൾ വരെ മനുഷ്യരിൽ സൃഷ്ടിക്കുന്ന വൈറസുകൾ ഈ കുടുംബത്തിലുണ്ട്. 2019 ഡിസംബർ 31-ന് ചൈനയിലെ വൂഹാനിൽ മനുഷ്യരെ ബാധിക്കുന്നതായി കണ്ടെത്തിയ കൊറോണ വൈറസിന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ കൊടുത്ത ചുരുക്കപ്പേരാണ് COVID-19 (**Co**rona **VI**rus **D**isease**-19**). കോവിഡ് -19 ഇതുവരെ മനുഷ്യരെ ബാധിച്ചതായി ചരിത്രം ഇല്ലാത്തതുകൊണ്ട് ഇതിനുള്ള പ്രതിരോധ സന്നാഹമോ വാക്സിനോ ഇതുവരെ ആരും അന്വേഷിച്ചിട്ടില്ല. രണ്ടു വർഷമെങ്കിലും എടുക്കും വാക്സിൻ വികസിപ്പിക്കാൻ എന്ന് ചില കേന്ദ്രങ്ങൾ പറയുന്നു.

ഇപ്പോഴത്തെ അവസ്ഥ മാറി, വീണ്ടും ലോകം ആരോഗ്യത്തിലേക്ക് തിരിച്ചുവരും എന്ന് നമുക്ക് പ്രത്യാശിക്കാം. യുദ്ധങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, പകർച്ചവ്യാധികൾ എന്നിവയെല്ലാം മനുഷ്യരാശിയെ ഭയപ്പെടുത്തിയ പല അവസരങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും ഇപ്പോഴത്തെ വൈറസ് വ്യാപനം അവയിൽ നിന്നെല്ലാം വ്യത്യസ്തമാണല്ലോ. സർക്കാരുകളും ആരോഗ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളുമെല്ലാം അതീവ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട് എന്നത് രോഗത്തിന്റെ ഭീഷണിയെ നമ്മുടെ ലോകം അതീവ ഗൗരവമായെടുക്കുന്നു എന്നതിന്റെ അടയാളമാണ്.

ഈ സമയം വൈറസ് വ്യാപനം തടയുകയും ഇരകളായവർക്ക് സാന്ത്വനവും സഹായവും നൽകുകയെന്നതുമാണ് പ്രധാനം. എങ്കിലും വൈറസിനു ശേഷമുള്ള മനുഷ്യഭാവിയെ സംബന്ധിച്ച് ചില കാര്യങ്ങൾ നാം ഓർക്കുകയും ചർച്ച ചെയ്യേണ്ടതും ആവശ്യമാണ്.

ഗെയാ (Gaia) സിദ്ധാന്തം എന്ന പേരിൽ ജെയിംസ് ലവ്ലോക്കും ലിൻ മാർഗലിസും (Lovelock and Margulis) ചേർന്ന് 1970-കളിൽ ഉന്നയിച്ച ചിന്തകൾക്ക് വീണ്ടും പ്രസക്തിയുണ്ടാവുകയാണ്. മാർഗലിസ് എന്ന വനിത ഒരു മൈക്രോ ബയോളജിസ്റ്റാണ്. ബാക്ടീരിയ, വൈറസ് തുടങ്ങിയവയുടെ അതിസൂക്ഷ്മ ജൈവ മണ്ഡലത്തെക്കുറിച്ച് പ്രശസ്തമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവർ ജൈവലോകത്തെ രണ്ടായി തിരിക്കുന്നു: ബാക്ടീരിയകളും ബാക്കിയുള്ളവയും! ബാക്കിയുള്ളവയിലാണ് മനുഷ്യവർഗ്ഗം! സൂക്ഷ്മലോകത്തിന്റെ പ്രാധാന്യം കാണിക്കാനാണ് ഇത് പറയുന്നത്. നാം ഇതുവരെ പരിചയിച്ചിട്ടുള്ള വിഭജനം 'മനുഷ്യരും മറ്റുള്ളവയും' എന്നതാണല്ലോ.

ബാക്ടീരിയകൾ നമ്മുടെ ആദിപൂർവ്വീകരാണ്. അവരിൽ ചിലർ പരിണമിച്ചാണ് അവസാനം മനുഷ്യനുണ്ടായതെന്ന് ഡാർവ്വിനും മറ്റും പഠിപ്പിച്ചത് നമുക്ക് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. പക്ഷേ ഒരു കാര്യം ഓർക്കണം. ആ പൂർവ്വീകർ അതേ രൂപത്തിൽ ഇപ്പോഴും നമ്മോടു കൂടിയുണ്ട്. 'രേഖീയമായ പരിണാമം' (linear evolution) ആണ് നാം ധരിച്ചുവെച്ചിരിക്കുന്നത്. ജയ്ഗുൾഡിനെ (Jay Gould) പോലെയുള്ള ജീവശാസ്ത്രജ്ഞർ ഈ ചിന്തയെ തിരുത്തുന്നുണ്ട്. അതിനുദാഹരണമാണ്, ഏകകോശജീവികളായ ബാക്ടീരിയകളും അവയേക്കാൾ അതിസൂക്ഷ്മതരങ്ങളും പരാദങ്ങളുമായ വൈറസുകൾ ഇപ്പോഴും നമ്മോട് സഹവസിച്ച് നമ്മുടെ ഉള്ളിലും നമ്മുടെ കൂടെയും ജൈവമണ്ഡലം മുഴുവനും നിറഞ്ഞിരിക്കുന്നത്. ബാക്ടീരിയകൾ ഒരുക്കുന്ന ഭക്ഷണമാണ് നാം കഴിക്കുന്നത്. നമ്മുടെ വായിലും വയറ്റിലും മൂക്കിലും ചെവിയിലും കണ്ണിലുമെല്ലാം അവ നിരന്തരം പ്രവർത്തനനിരതമാണ്. നാം കഴിക്കുന്ന ആഹാരത്തിലെ സൂക്ഷ്മമായ പോഷകമൊഴിച്ച് ബാക്കിയുള്ള പിണ്ഡം മുഴുവനും വിസർജ്യമായിത്തീരണമെങ്കിലും അവ വേണം. വിസർജിക്കാതിരുന്നാൽ പിന്നെ ഭക്ഷണമില്ല, ജീവനുമില്ലല്ലോ. മാർഗലീസ് പറയും, വൈറസുകൾ ഒരുക്കുന്ന ശയ്യയിലാണ് നാം വിശ്രമിക്കുന്നതും ഉറങ്ങുന്നതും. അപ്പോൾ ഈ പൂർവ്വീകർ ഭൂതകാലത്തിലല്ല, വർത്തമാനകാലത്തിൽത്തന്നെയാണ്. നാം മരിച്ചാലും അവ നമ്മെ അതിജീവിക്കുകയും ചെയ്യുന്നു. മൃതശരീരം അഴുകി ദ്രവിക്കാനും ഈ വർത്തമാനകാല പൂർവ്വികർ വേണമെന്ന് മറക്കരുത്.

2. അതുകൊണ്ട് ബാക്ടീരിയകളെയും വൈറസുകളെയും നാം കുറെയൊക്കെ ബഹുമാനിച്ചേ മതിയാവൂ! മണ്ണിൽ വിളയുന്ന എല്ലാ ഫലങ്ങൾക്കും കിഴങ്ങുകൾക്കും ഇലകൾക്കും നാം കീടനാശിനികൾ തളിക്കുമ്പോൾ, അവ മാത്രമല്ല നശിക്കുന്നത്, നമ്മുടെ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത പൂർവ്വികരും ഇല്ലാതാകുന്നു. അതുകൊണ്ടാണല്ലോ നാം വാങ്ങിക്കുന്ന ആപ്പിളും തക്കാളിയുമൊന്നും ആഴ്ചകൾ കഴിഞ്ഞാലും ചീയാതിരിക്കുന്നത്. ചീയലും ദ്രവത്വവും നീക്കം ചെയ്യാൻ കഴിയുന്നത് നമ്മുടെ മഹാ നേട്ടമായി നാം കരുതുന്നു. ജൈവരൂപങ്ങൾ ചത്തു ദ്രവിച്ചു മണ്ണോട് ചേരണം (Biodegradability) എന്ന മൗലിക ജൈവകൽപ്പനയാണ് നാം അതിലൂടെ ലംഘിക്കുന്നത്. നമുക്ക് മുമ്പ് ഭൂമിയിൽ ജീവിച്ചു മരിച്ചുപോയ നമ്മുടെ കോടാനുകോടി പിതൃക്കളുടെയെല്ലാം മൃതശരീരങ്ങൾ അഴുകാതെ ഇവിടെ കിടന്നിരുന്നെങ്കിൽ നമുക്ക് ഈ ഭൂമിയിൽ കാൽ കുത്താൻ ഇടം കിട്ടുമായിരുന്നില്ല എന്നോർക്കണം. 'കാലനില്ലാത്ത

കാലം' എഴുതിയ സരസൻ നമ്പ്യാരെയും നമുക്ക് ഓർക്കാം. ഒരിക്കലും മരിക്കാതെ മനുഷ്യജീവനെ വലിച്ചു നീട്ടുന്ന Life-augmentation, Human Enhancement തുടങ്ങിയ ബയോടെക്നോ - അമൃതുകൾ കടഞ്ഞെടുക്കുന്ന ഈ കാലയളവിൽ മഹാശ്ചര്യമായ മനുഷ്യബുദ്ധിയുടെ ദീപസ്തംഭങ്ങൾ കണ്ടു ചിരിക്കാനും, നമുക്കും കിട്ടണം ജീവൻ എന്നു പറയാനും ചിലർ വേണമല്ലോ.

3. അതുകൊണ്ട് എല്ലാവരും കൈകൾ സോപ്പിട്ടു നന്നായി കഴുകണം. അത്രയുമൊക്കെ നമുക്ക് ആവശ്യമാണ് ചില രോഗങ്ങൾ വരാതിരിക്കാൻ. എന്നാൽ അതികഠിനമായ രാസവസ്തുക്കൾ കൊണ്ട് ജൈവമണ്ഡലം മുഴുവൻ അണുവിമുക്തമാക്കാൻ ശ്രമിക്കുന്നത് അബദ്ധമാണ്. കാരണം, നമ്മുടെ ജീവന്റെ രഹസ്യ വേരുകൾ ആ അദൃശ്യ സൂക്ഷ്മ മണ്ഡലത്തിലാണ്. ഇപ്പോഴത്തെ ക്വാറന്റിനും ഏകാന്തവാസവും കഴിയുമ്പോൾ നമ്മുടെ കുട്ടികൾ ഇടയ്ക്കൊക്കെ മണ്ണുവാരി കളിക്കട്ടെ. ജാതി, വർഗ്ഗ, സാമ്പത്തിക ഭേദം ഇല്ലാതെ അവർ പരസ്പരം കൈകോർത്തും തോളിൽ കയ്യിട്ടും നടക്കട്ടെ. അല്പം പഴുത്തു പോയതാണെങ്കിലും മരുന്ന് അടിക്കാത്ത പഴങ്ങൾ അവർ കഴിക്കട്ടെ. അതൊക്കെ സഹജമായ ജൈവ തത്വങ്ങളാണ്. കഴുകാത്ത കൈകൾ കൊണ്ടും, ചെരുപ്പിടാത്ത കാലുകൾ കൊണ്ടും അമ്മയായ ഭൂമിയുടെ മാറിൽ അവർ വിഹരിക്കട്ടെ. തെളിനീരുറവകളിൽ നിന്ന് പ്ലാസ്റ്റിക്ക് കപ്പും സ്ട്രോയും ഇല്ലാതെ അവർ ഭൂമാതാവിന്റെ അമ്മിഞ്ഞ വലിച്ചു കുടിക്കട്ടെ. ഒരു കവി എഴുതിയത് ഇങ്ങനെ:

"ചെരിപ്പൂരിയിട്ടൊന്നു
പച്ചമണ്ണിനെ തൊട്ടാൽ
പ്രപഞ്ച ഹൃദയത്തിൻ
സ്പന്ദതാളങ്ങൾ കേൾക്കാം." (ലിജി)

നമുക്കറിഞ്ഞു കൂടാത്ത, ഈ മഹാപ്രപഞ്ചത്തിൽ സുഖശയനം കൊള്ളുന്ന സൂക്ഷ്മജീവികളെ ആവശ്യമില്ലാതെ നാം വിളിച്ചുണർത്തരുത്. തന്റെ പൊത്തിൽ ശാന്തമായി സ്വയം ചുറ്റിച്ചുറ്റി കിടക്കുന്ന സർപ്പത്തിന്റെ ചിത്രം എത്ര മനോഹരമാണെന്ന് ചിന്തിക്കൂ. എന്തിനാണ് നാം വെറുതെ കോലിട്ടു കുത്തുകയും അതിനെ പുകച്ചു പുറത്തു ചാടിക്കയും ചെയ്യുന്നത്. അതിനെ ഏതെങ്കിലുംതരത്തിൽ നാം ഉപദ്രവിച്ചെങ്കിൽ മാത്രം സ്വയരക്ഷയ്ക്കു വേണ്ടി അത് തിരിച്ചു കൊത്തിയെന്നിരിക്കും. എല്ലാ വൈറസുകളും ഇതുപോലെയാണ്. അത് ജൈവ മണ്ഡലത്തിലെ അനിഷേധ്യ തത്വമാണ്. ആ കല്പനയും ലംഘിക്കാതെ നാം നോക്കണം.

4. മനുഷ്യരായ നാമാണോ മറ്റു ജീവികളെ ഉപദ്രവിക്കുന്ന വൈറസ് എന്നു ചിലർ ചോദിക്കുന്നു.

മറ്റെല്ലാ ജീവികളും പറയും, അവരുടെ ഏക ശത്രു മനുഷ്യനാണെന്ന്. മനുഷ്യവർഗം ഈ ഭൂമിയിൽ നിന്ന് പൂർണമായും അപ്രത്യക്ഷമായാൽ ഈ ഭൂമിയിലെ ജൈവ വ്യവസ്ഥയ്ക്ക് ഒരു ദോഷവും സംഭവിക്കുകയില്ല. മറിച്ച്, അവയെല്ലാം ഉല്ലസിക്കും, കാരണം അവരുടെ ഏക ശത്രു ഇനിയില്ലല്ലോ എന്നോർത്ത്. അൽപ്പം ഭ്രാന്തമായ ഒരു സങ്കല്പം അഥവാ ഒരു ചിന്താ പരീക്ഷണം (Thought experiment) പറയാം: കേരളത്തിൽ നിന്ന് എല്ലാ മനുഷ്യരെയും അടുത്ത 25 വർഷത്തേക്ക് പറഞ്ഞുവിടുക. 25 വർഷം ഒരു മനുഷ്യജീവി പോലും ഇവിടെ കാലു കുത്തരുത്. പോകുന്നതിനു മുമ്പ്, കെട്ടിയിട്ടിരിക്കുന്ന, കൂട്ടിലടച്ചിരിക്കുന്ന സകല പക്ഷിമൃഗാദികളെയും സ്വതന്ത്രരാക്കുക. കാൽ നൂറ്റാണ്ടിനു ശേഷം നാം തിരിച്ചുവന്നാൽ കിളികളായ കിളികളെല്ലാം പാടുന്നത് കേൾക്കാം. നദികളായ നദികളെല്ലാം കടുത്ത വേനലിലും കളകള ശബ്ദമുതിർക്കും. മീനായ മീനെല്ലാം നീന്തി തുടിക്കും. ഇടുക്കിയിലും വയനാട്ടിലും മലകളായ മലകളിലെല്ലാം മഞ്ഞും മരങ്ങളും മൃഗങ്ങളും പക്ഷികളും ചേർന്ന് പാടും. ഇനി കേരളത്തിനു പകരം ഭൂമി മുഴുവൻ അങ്ങിനെ കരുതൂ.

ഇത് വെറും റൊമാന്റിക് സ്വപ്നമെന്ന് പറഞ്ഞ് കളിയാക്കാം. ശരിയാണ് സ്വപ്നമാണ്. പക്ഷേ സ്വപ്നമില്ലെങ്കിൽ യാഥാർത്ഥ്യമില്ല. മറുവശത്ത്, ഈ ഭൂമിയെ ഊഷരമാക്കിയതും, സകലത്തെയും വിഷലിപ്തമാക്കിയതും, ജൈവ സംഗീതത്തിന്റെ താളലയങ്ങളിൽ ലയിച്ചിരുന്ന സൂക്ഷ്മജീവികളെ പ്രകോപിപ്പിച്ചതും നമ്മൾ മനുഷ്യരാണെന്ന് ഓർക്കാം. മനുഷ്യരില്ലാതെ വന്നാൽ, ഒരു ജീവിക്കും ഒരു കുറവും വരികയില്ല. എന്നാൽ കൊച്ചുകൊച്ചു തേനീച്ചകൾ ഇല്ലാതായാൽ മനുഷ്യജീവിതം തീർന്നു. ഉറുമ്പുകളും ചിതലുകളും തുടങ്ങി ക്ഷുദ്രകീടങ്ങളെന്ന് നാം വിശേഷിപ്പിക്കുകയും വധശിക്ഷയ്ക്ക് വിധിക്കയും ചെയ്യുന്ന പ്രാണികളൊക്കെ ഇല്ലാതായാൽ ഇവിടെ മനുഷ്യജീവിതത്തിന് കലാശക്കൊട്ടായി എന്ന് മറക്കരുത്. 1950-കളിൽ Silent Spring എഴുതിയ റേച്ചൽ കാഴ്സൻ എന്ന വനിത ഇങ്ങനെ ചില കാര്യങ്ങൾ പറഞ്ഞിട്ട് വർഷം എഴുപതായി.

5. സ്ഥൂലമായതും സൂക്ഷ്മമായതും തമ്മിലുള്ള വ്യത്യാസം ജ്ഞാനികളായ ആചാര്യന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സ്ഥൂലമായതു മാത്രമേ നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്ക് വിഷയമാകൂ. അത് മാത്രമേ നമ്മെ ദുഃഖിപ്പിക്കുകയോ ആനന്ദിപ്പിക്കുകയോ ചെയ്യുന്നുള്ളു. എന്നാൽ അത് ഭൗതിക യാഥാർത്ഥ്യത്തിന്റെ തീരെത്തീരെ ചെറിയ ഒരു അംശമേയുള്ളു. സൂക്ഷ്മമായതാണ് നിർണായകം. പക്ഷേ നാമത് കാണുന്നില്ല, കേൾക്കുന്നില്ല, തിരിച്ചറിയുന്നില്ല. ഭൗതിക പ്രപഞ്ചത്തിൽ നാലോ അഞ്ചോ ശതമാനമേ നാം യാഥാർത്ഥ്യമായി അറിയുകയും പരിഗണിക്കുകയും ചെയ്യുന്നുള്ളു. അതിൽത്തന്നെ സിംഹഭാഗവും കോടാനുകോടി പ്രകാശവർഷങ്ങൾക്കപ്പുറമാണ്. നമുക്കൊന്നും അറിഞ്ഞു കൂടാ അതിനെക്കുറിച്ച്. ഈ നാലഞ്ച് ശതമാനം കഴിഞ്ഞാൽ പത്തിരുപത്തഞ്ചു ശതമാനം തമോദ്രവ്യം (dark matter) ആണെന്നും, ബാക്കി എഴുപതിലേറെ ശതമാനം തമോർജ്ജം (dark energy) ആണെന്നും അഭിജ്ഞന്മാർ പറയുന്നു. അവർക്കും അറിഞ്ഞുകൂടാ അതെന്താണെന്ന്. ഏതെങ്കിലുമൊന്ന് ഉണ്ടെന്ന് പറയുന്നതും അത് എന്താണെന്ന് പറയുന്നതും തമ്മിലുള്ള അന്തരം വലുതാണ്. അപ്പോൾപ്പിന്നെ ഒന്നുമില്ലാത്തതിൽ ഒന്നുമില്ലാത്ത അൽപ്പജീവനായ ഒരു വൈറസിനെ ഭയപ്പെടണമോ? വേണം, ഭയപ്പെടണം. മനുഷ്യവർഗ്ഗത്തെ അപ്പാടെ നിർമൂലമാക്കാൻ അതു മതി. പക്ഷേ അദൃശ്യമായ ആ വൈറസും ഭൗതിക യാഥാർത്ഥ്യത്തിന്റെ ഭാഗമാണ്. സ്ഥൂലവും

സൂക്ഷ്മവും എന്ന് പറയുമ്പോഴും നാം ഈ ഭൗതികത്തിനുള്ളിലാണ് എന്ന് മറക്കരുതല്ലോ. അതുകൊണ്ട് സൂക്ഷ്മത്തിന്റെ പുതിയ അർത്ഥങ്ങൾ നാം തേടണം. നമുക്കുള്ള മൂന്ന് മുഖ്യ മാനസിക അവസ്ഥകളായ സ്വപ്ന സുഷുപ്തി ജാഗ്രതകൾ കൊണ്ട് മെനഞ്ഞ കിളിക്കൂട്ടിനു പുറത്തുള്ളതെല്ലാം "തുരീയം" (നാലാമത്തേത്) എന്ന് പറഞ്ഞ് നിർത്തുകയാണ് ആചാര്യന്മാർ. ആ തുരീയവും ഈ അജ്ഞേയമായ ഭൗതിക സമസ്യകളായ തമോർജ്ജത്തിലോ മറ്റോ ആണെങ്കിൽ തുരീയാതീതത്തിലേക്ക് നമ്മുടെ സൂക്ഷ്മ സങ്കൽപ്പത്തെ നാം ഉയർത്തേണ്ടി വരും. സ്ഥൂലവും സൂക്ഷ്മവും തമ്മിൽ തിരിച്ചറിയാനാവാത്ത രാഷ്ട്രമീമാംസകരും ഭരണകർത്താക്കളും മതങ്ങളും മതപുരോഹിതന്മാരും നമുക്കുണ്ടായാൽ അവിടെ തീർന്നു നമ്മുടെ ജീവൻ.

6. പ്രതികാരദേവതയെ നാം പ്രകോപിപ്പിക്കരുത്

ഐവാൻ ഇല്ലിച്ച് എന്ന പണ്ഡിതനും ക്രാന്തദർശിയുമായ വിമത കത്തോലിക്കാ പുരോഹിതൻ 1970-കളിൽ Medical Nemesis എന്ന പുസ്തകം എഴുതി. നെമെസിസ് ഗ്രീക്കുകാരുടെ പ്രതികാരദേവതയാണ്. മനുഷ്യർക്ക് രോഗ ചികിത്സ നൽകാൻ എന്ന ലക്ഷ്യം പറഞ്ഞുകൊണ്ട് ആധുനിക മെഡിക്കൽ സയൻസും അതിന്റെ പരിസേവകരായ ബഹുസഹസ്രം സ്ഥാപനങ്ങളും പരീക്ഷണശാലകളും ഫാർമസ്യൂട്ടിക്കൽ കമ്പനികളും വെള്ളക്കോട്ടിട്ട വൈദ്യപുരോഹിതന്മാരും ചേർന്നു നടത്തുന്ന ആഗോള പ്രസ്ഥാനത്തിനെതിരെ വൈദ്യ ദേവത നടത്തുന്ന പ്രതികാര ക്രിയയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ഇല്ലിച്ചിന്റെ വാക്കുകൾ കടമെടുത്ത് നമുക്കും പറയാം, ഇനി ലോകത്തിൽ വൈറൽ നെമെസിസ് (Viral Nemesis) അരങ്ങേറുമെന്ന്. പ്രകൃതി പ്രതികാര ദേവതയായി മാറിക്കൊണ്ടിരിക്കുന്നു.

ഇനി വൈറസുകളുടെ വിളയാടൽ കാലമാണ്. കോവിഡ് 19 കെട്ടടങ്ങും, കുറെ നാശം വിതച്ച്. പക്ഷേ അടുത്തത്, കൂടുതൽ മാരകമായത് അണിയറയിൽ കിരീടമണിഞ്ഞ് കാത്തുനിൽപ്പുണ്ട്. ഈ നാടകം രംഗത്തല്ല, കാണികൾക്കിടയിലാണ് അരങ്ങേറുക. തിരശ്ശീല വീഴുന്നത് കാണാൻ കഴിയും മുമ്പ് കാണികളിൽ ഒരു നല്ല പങ്ക് അപ്രത്യക്ഷമാവും. ഈ നാടകത്തിന്റെ അണിയറ നമുക്ക് ദൃശ്യമോ നമ്മുടെ നിയന്ത്രണത്തിനു വിധേയമോ അല്ല.

7. നരജന്മം എല്ലാ ജന്മങ്ങളിലും വച്ച് ശ്രേഷ്ഠമായ ജന്മമാണെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. ഇത് നാം സംശയിക്കേണ്ട കാര്യമില്ല. സ്വബോധവും സുബോധവും അല്ലെങ്കിൽ ഒറ്റ വാക്കിൽ സുസ്വബോധമാണ് മനുഷ്യ ശ്രേഷ്ഠതയുടെ ഒരു മുഖ്യ അടിസ്ഥാനം. ഈ ബോധം അതീന്ദ്രീയവും ആന്തരികവുമായ തേജസ്സാണ്. സ്വസുബോധത്തിലൂടെ ഈ തേജസ്സാകുന്ന പ്രകാശം പ്രസരിപ്പിച്ച് സകല ജീവജാലങ്ങൾക്കും മനുഷ്യൻ വഴികാട്ടിയും സഹഭാവിയും സംരക്ഷകനും സഹയാത്രികനുമാകണം എന്നായിരിക്കാം സ്രഷ്ടാവിന്റെ ഉദ്ദേശ്യം. അല്ലെങ്കിൽ ഇങ്ങനെയൊരു സവിശേഷ ബോധം എന്തിനാണ് മനുഷ്യന് മാത്രം വിധാതാവ് നൽകിയത്?

ആണവായുധങ്ങളും അംബരചുംബികളും ആകാശയാനങ്ങളും ഗോളാന്തര പേടകങ്ങളും നാമുണ്ടാക്കി. പക്ഷേ അമ്മയായ ഭൂമിയുടെ മുലപ്പാൽ നുണയാതെ, അവളുടെ ഹൃദയരക്തം ഊറ്റിക്കുടിച്ച് മഹാ മല്ലന്മാരായി പരസ്പരം പോരാടി നശിക്കാനാണോ ഈ ബോധം സ്രഷ്ടാവ് നൽകിയത്? വിഭവശേഷി വാർന്നുപോയ നമ്മുടെ അമ്മ മരിക്കാറായി. മഹാഭാരതയുദ്ധം അവസാനിക്കാറായി. ഗാന്ധാരി വിലാപം തുടങ്ങിക്കഴിഞ്ഞു. അനന്തരം എന്ത്? എന്ന് ആലോചിക്കണം നാം ഗൗരവമായി. രാഷ്ട്രങ്ങളെല്ലാം അഹങ്കാരപൂർവ്വം സംഭരിച്ചു വച്ച മഹാ ആയുധവർഗ്ഗം കൊണ്ട് ഇനിയെന്ത് പ്രയോജനം? കാണപ്പെടുന്ന സഹോദരങ്ങളെ കൊല്ലാനാണ് നാം ആയുധങ്ങൾ ഒരുക്കിയത്. ഇനി കാണപ്പെടാത്ത ലോകത്തിൽ നിന്ന് വൈറസുകൾ വന്ന് നമ്മെ നിർമ്മൂലമാക്കാം. നാമൊന്നു തുമ്മിയാൽ അവ കത്തിപ്പടരും.

8. വൈറസ് സൃഷ്ടിച്ച ഒരു പുതിയ തൊട്ടു തീണ്ടൽ (Viral Untouchability) ഇപ്പോൾ പ്രാബല്യത്തിലായല്ലോ. മനുഷ്യൻ മനുഷ്യനെ തൊടാൻ പാടില്ല. അമ്മയ്ക്ക് കുഞ്ഞിനെ ഉമ്മ വയ്ക്കാനാവില്ല. മുത്തശ്ശിക്ക് പേരക്കുട്ടികളെ വാരിപ്പുണരാനാവില്ല. വൈദ്യന് രോഗിയെ തൊട്ടു പരിശോധിക്കാനാവില്ല. വൈദികന് ഭക്തരെ മൂർദ്ധാവിൽ അനുഗ്രഹിക്കാനാവില്ല. പ്രണയജോടികൾക്ക് ശ്വാസം പകരാനാവില്ല. മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് അന്ത്യചുംബനം പാടില്ല. ആഗോള തീണ്ടൽ. സർവ്വത്ര അശുദ്ധം.

കീഴ്ജാതിയെ തൊട്ടാൽ തങ്ങൾ അശുദ്ധരാകും എന്ന് ഒരിക്കൽ മേൽജാതികൾ പഠിപ്പിച്ചു. തൊട്ടു തീണ്ടൽ (contamination by touch) നിഷിദ്ധം. വൈറസ് വന്നപ്പോഴും തൊട്ടാൽ തീണ്ടൽ. വൈറസ് പകരും. പക്ഷേ ഇവിടെ ജാതിയില്ല, വംശമില്ല, തൊലിയുടെ നിറമില്ല. ആര് ആരെ ആരെ തൊട്ടാലും അശുദ്ധം, രോഗം, മരണം. അതുകൊണ്ട് കൃത്യമായ അകലം (social distance) പാലിക്കണം. മൂന്നു കൈപ്പാട് അകലെ എന്ന് പ്രഗൽഭനായ ഒരു ഡോക്ടർ പറയുന്നത് കേട്ടു. ഓർത്താൽ വിചിത്രം. മേലാളരിൽ നിന്ന് ഓരോ കീഴ്ജാതിയും പാലിക്കേണ്ട കൃത്യമായ അകലം എത്രയെന്ന് നമ്മുടെ രാജ്യത്ത് വ്യക്തമായ നിയമമുണ്ടായിരുന്നു. ആ നിയമം ലംഘിക്കുന്നവർക്ക് ഭ്രഷ്ടോ മരണമോ ഉറപ്പായിരുന്നു. അത് വീണ്ടും വന്നിരിക്കുന്നു - ക്വാറന്റീൻ എന്ന ഭ്രഷ്ട് എത്ര ദിവസങ്ങളാണ്? ഒഴിഞ്ഞു പോകാനാവില്ല ആർക്കും. തീർച്ചയായും നാമനുസരിക്കണം. സുഖപ്പെടാനല്ലേ? രോഗം പകരാതിരിക്കാനല്ലേ? സമൂഹനന്മയാണ് ലക്ഷ്യം. എങ്കിലും എവിടെയാണ് പ്രശ്നം? മനുഷ്യജാതി ഒരൊറ്റ ശരീരമാണെന്ന് മതങ്ങൾ പഠിപ്പിക്കുന്നു. ഒരു പടി കൂടി കടന്ന് പ്രപഞ്ചം മുഴുവനും ഒരു ഗാത്രമാണെന്ന് പഠിപ്പിക്കുന്നു. ഇടതു കൈയ്ക്ക് മാത്രമായി കൊറോണ ബാധിക്കുമോ? പാദങ്ങളിൽ മാത്രം കോവിഡ് പിടിക്കുമോ? കണ്ണിൽ തൊട്ടാലും, മൂക്കു പിഴിഞ്ഞാലും, വായിൽ മുട്ടിയാലും കൊറോണ. കാൽപ്പാദമായ ഹീനജാതി മുതൽ ശിരസ്സായ വരേണ്യവർഗം വരെ കോവിഡ്.

9. ഇവിടെയൊരു താരതമ്യം സംഗതമാണെന്ന് തോന്നുന്നു. പൗരോഹിത്യവും ജന്മിത്വവും രാജ്യഭരണവും കയ്യാളിയിരുന്ന സവർണ്ണർ ഒരിക്കൽ കീഴാളരോടു കൽപ്പിച്ചു, അകലം പാലിക്കണമെന്ന്. ന്യൂനപക്ഷമായ ആദ്യത്തെ കൂട്ടർ ശ്രേഷ്ഠ മനുഷ്യരാണെന്നും അശുദ്ധരും അസ്പർശ്യരും ഈ രാജ്യത്ത് ബഹുഭൂരിപക്ഷവുമായ മറ്റവർ

ഏതോ തരം ഹീന മൃഗങ്ങളാണെന്നും ധരിച്ചതുകൊണ്ടാണല്ലോ ഇവിടെ തീണ്ടലും തൊടീലുമുണ്ടായത്. ഭാഗ്യവശാൽ സ്വതന്ത്ര ഭാരതത്തിന്റെ ശില്പികൾ ജനായത്ത ഭരണവും ഭരണഘടനയും നിയമവ്യവസ്ഥകളും ഉപയോഗിച്ച് ആ വേർപാട് നിയമപരമായെങ്കിലും തുടച്ചു കളഞ്ഞു. അടിച്ചമർത്തപ്പെട്ട, ഈ ഭൂരിപക്ഷത്തിന്റെ തിരിച്ചടികൾ തുടങ്ങിയിട്ടേ ഉള്ളൂ.

പുതിയ കാലഘട്ടത്തിൽ മനുഷ്യൻ സകലത്തെയും മനുഷ്യ കേന്ദ്രീകൃതമായി (anthropocentric) വ്യാഖ്യാനിക്കുകയും മനുഷ്യർ ഒഴിച്ചുള്ള സകല ജീവജാലങ്ങളും മനുഷ്യന്റെ ആവശ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന് ധരിക്കുകയും അവയെ ചൂഷണം ചെയ്യാനും കൊല്ലാനും നിർമ്മൂലനം ചെയ്യാനും മനുഷ്യന് അധികാരമുണ്ടെന്ന് വിശ്വസിക്കുകയും ചെയ്തു. ഭൂമിയിലെ സകല ജൈവസമ്പത്തും വിഭവശേഷികളും മനുഷ്യൻ കവർന്നെടുത്തു. അതിഭീകരമായ അസന്തുലിതാവസ്ഥ ഇവിടെ സൃഷ്ടിച്ചു. അതുകൊണ്ടാവാം മനുഷ്യേതരമായ എല്ലാ ജീവജാലങ്ങളിൽ ഓരോന്നിനും അതിന്റേതായ അർത്ഥവും അവകാശവും സ്വമൂല്യവും (inherent value) ഉണ്ടെന്നും, മനുഷ്യ മാനദണ്ഡങ്ങൾ ഉപയോഗിച്ച് അവയെ അളക്കരുതെന്നും Deep Ecology-യുടെ പ്രണേതാവായ Arne Naess പറഞ്ഞത്. പ്രപഞ്ചത്തിന്മേൽ അശ്വമേധ യാഗം നടത്തി ലോകത്തെ കീഴടക്കിയ മനുഷ്യൻ ആധുനിക അസ്പർശ്യതയുടെ (untouchability) നിയമം സൃഷ്ടിച്ചു. മനുഷ്യൻ മാത്രം ശ്രേഷ്ഠൻ. ബാക്കിയുള്ളതൊക്കെ അധമം. അതിനുള്ള തിരിച്ചടി സൂക്ഷ്മജീവികൾ ഏറ്റെടുത്തു. തിരിച്ചടികളിൽ ഇനിയും നൽകിക്കൊണ്ടേയിരിക്കും. മനുഷ്യന് മനുഷ്യനെ തൊടാനാവില്ലെന്ന പുതിയ ആരോഗ്യ നിയമം വൈറൽ പ്രതികാരത്തിന്റെ ഭാഗമായി കണക്കാക്കാം.

നാം താരതമ്യം ചെയ്ത രണ്ടു സംഗതികളും രണ്ടു വ്യത്യസ്ത ഭൗതിക തലങ്ങളിലാണ്. എങ്കിലും പ്രതീകാത്മകമായി അവയെ തമ്മിൽ തട്ടിച്ചു നോക്കാം. ഈ രണ്ടു പ്രതിഭാസങ്ങളുടെയും പുറകിലുള്ള രോഗമാണ് നാം ശ്രദ്ധിക്കേണ്ടത്. ഭിന്നതാബോധമാണ് നമ്മുടെ രോഗം. തൊട്ടുകൂടായ്മ അതിന്റെ ലക്ഷണം മാത്രം. നാമൊരു ശരീരമാണ്. മനുഷ്യർ തമ്മിൽ തമ്മിലും, മനുഷ്യരും ഇതര ജൈവരൂപങ്ങളും തമ്മിലും, പിന്നെ സകല ജൈവരൂപങ്ങളും അജൈവരൂപങ്ങളും തമ്മിലും ഒരു ശരീരമാണ്. ഇവിടെയാണ് പ്രപഞ്ച ഗാത്രം (cosmic body) എന്ന ആശയം സാർത്ഥകമാകുന്നത്.

വൈറസ് ബാധ മൂലം ഈ പാഠം നാം പഠിക്കുമോ? നാമൊരു ശരീരമാണെന്ന് നമുക്ക് ഇനിയെങ്കിലും ചിന്തിക്കാനാവുമോ? നമ്മുടെ ആധ്യാത്മികതയിലും അധികാര സങ്കൽപ്പങ്ങളിലും മതബോധത്തിലും രാഷ്ട്രമീമാംസയിലും ഇത് പ്രതിഫലിപ്പിക്കാനാവുമോ?

10. ആഗോളവൽക്കരണം (globalization) ഒരു വർണ്ണോജ്വലമായ കുമിളയാണെന്ന് എപ്പോഴും ചിന്തിച്ചിരുന്നവരുണ്ട്. അത് പറഞ്ഞാൽ മണ്ടന്മാരും യാഥാസ്ഥിതികരും പിന്തിരിപ്പന്മാരും ആയി മുദ്രകുത്തപ്പെടുമെന്ന് വിചാരിച്ച് പലരും മിണ്ടാതിരുന്നു. ഇപ്പോൾ എന്ത് സംഭവിച്ചു? തൽക്കാലത്തേക്കെങ്കിലും, അതായത് പാശ്ചാത്യ കമ്പോളക്കാരും അവരുടെ പിണിയാളുകളും ചേർന്ന് അടുത്ത കുമിള ഊതി വീർപ്പിക്കും വരെയെങ്കിലും നമ്മുടെ ആഗോള കുമിള പൊട്ടിയെന്നു കരുതാം. ഏഷ്യൻ കാളകളും കരടികളും മടകളിലേക്ക് മടങ്ങി. ഭീമൻ ആകാശനൗകകൾ ചിറകുകൾ മടക്കി. മഹാനഗരങ്ങൾ വിജനമായി. ശിരോവസ്ത്രമണിഞ്ഞ സ്ത്രീകളെ പരിഹാസപൂർവം നോക്കിയിരുന്നവർ നിർബന്ധമായും മുഖംമൂടികൾ അണിയുന്നു. വിജനമായ ഉല്ലാസ കേന്ദ്രങ്ങളും, നിശ്ചലമായ ജനപദങ്ങളും ഏതോ സർറിയലിസ്റ്റ് ചിത്രം പോലെ അവിശ്വസനീയമായി തോന്നുന്നു.

ഈ അവസ്ഥ മാറും. വീണ്ടും നാം തിരിച്ചു പോകും. പക്ഷേ നമ്മുടെ അരുമയായ കൊച്ചു ഗൃഹത്തിന്റെ അവസ്ഥ ഇനി വീണ്ടും നാടകീയമായി, മാരകമായി മാറാം എന്നും മറക്കരുതല്ലോ. അദൃശ്യവും അതിസൂക്ഷ്മവുമായ ഒരു വൈറസിന് ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ ലോകത്തിൽ നിന്ന് മനുഷ്യജീവനെ മുഴുവൻ തുടച്ചു മാറ്റാനാവും. നാം പഠിക്കേണ്ട പ്രധാന പാഠം നമ്മുടെ ഭൂമിയെന്ന ഗ്രഹം എത്ര ചെറുതും, എത്രയേറെ പരസ്പരബന്ധിതവുമാണെന്നാണ്. നമ്മുടെ ജൈവമണ്ഡലം അതി ലോലവും അതി ദുർബലവുമാണ്. എത്രയോ ദശകങ്ങളായി അറിവും വിവേകവുമുള്ള മനുഷ്യർ ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇത് നാം ബൗദ്ധികമായി മനസ്സിലാക്കിയാൽ പോരാ, നമ്മുടെ ജീവിതശൈലിക്ക് മൗലികമായ മാറ്റങ്ങൾ വരുത്തണം. ആഗോള സാമ്പത്തിക, ശാസ്ത്രീയ മുന്നേറ്റങ്ങളെല്ലാം വീണ്ടും വീണ്ടും പുരോഗതിയിലേക്ക് നയിക്കും എന്ന് നാം അന്ധമായി വിശ്വസിച്ചു. നമ്മുടെ യുഗത്തിന്റെ മൂഢവിശ്വാസമായിരുന്നു അതെന്ന് കോവിഡ് -19 കാണിക്കുന്നു. ഇപ്പോൾ ലോകാരോഗ്യ സംഘടന Pandemic, അതായത് 'ലോകമാസകലം വ്യാപിക്കുന്ന ഒരു പുതിയ രോഗം' എന്ന് വിശേഷിപ്പിക്കുന്ന കോവിഡ്-19 ഇനി endemic ആവുകയാണ്. അതായത്, തൽക്കാലം ഇത് ശമിച്ചാലും, മനുഷ്യവർഗ്ഗത്തിനുള്ളിൽ തന്നെ വസിച്ച്, ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെട്ട് നാശം വിതയ്ക്കാൻ ഇതിന് കഴിയും എന്ന് സാരം. അതിശീഘ്ര ജനിതകമാറ്റം (Mutation) സംഭവിക്കുന്ന സ്വഭാവം ഉള്ളതുകൊണ്ട് ഈ വൈറസ് അതിമാരകമായ രൂപംപ്രാപിച്ച് നമ്മെ ഹിംസിക്കാം. അതുകൊണ്ട്, മനുഷ്യർ എല്ലാ ഭിന്നതകളും മറന്ന്, ഏറ്റവും ലളിതവും, പൊതു നന്മയ്ക്ക് ഉതകുന്നതും, ജൈവലോകത്തെ ആദരിക്കുന്നതും, ഭൂമിയുടെ വിഭവശേഷിയെ ഇനിയെങ്കിലും നശിപ്പിക്കാത്തതുമായ ഒരു ജീവിതശൈലി ഉരുത്തിരിക്കണം. എല്ലാ മതങ്ങളിലും ദർശനങ്ങളിലും അതിനുള്ള മാർഗ്ഗരേഖകൾ ഉണ്ട്. ഗാന്ധിജിയെപ്പോലെയുള്ള പ്രവാചകന്മാർ രൂപരേഖകൾ വരച്ചു കാണിച്ചിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളും സാമ്പത്തിക വിദഗ്ധരും സാംസ്കാരിക നായകരും മതനേതാക്കളും ഒരുമിച്ച് നമ്മുടെ ഭാവിയെപ്പറ്റി കൂടിയാലോചിക്കണം. അൽപ്പം താമസിച്ചു പോയെങ്കിലും കുറെയേറെ നല്ല മാറ്റങ്ങൾ വരുത്താൻ നമുക്ക് കഴിയുമായിരിക്കും. രണ്ടു ലോക യുദ്ധങ്ങൾക്കു ശേഷം യുദ്ധക്കെടുതിക്കെതിരായി ഐക്യരാഷ്ട്ര സംഘടന ഉണ്ടായതുപോലെ, ഇനി എല്ലാ രാഷ്ട്രങ്ങളും മതങ്ങളും ചേർന്ന് ഒരു ഏകജീവ സംരക്ഷണ സംഘടന ഉണ്ടാക്കണം. അതിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്കെല്ലാം ജീവിതശൈലിയും പെരുമാറ്റച്ചട്ടവും സൃഷ്ടിക്കണം. നമ്മുടെ കൊച്ചു ഗ്രഹമായ ഭൂമിയെയും അതിലെ എല്ലാ ജീവജാലങ്ങളെയും സംരക്ഷിക്കുന്ന നിയമമാകണമത്.

11. ജൈവ രൂപമായ കൊറോണ വൈറസിനു സമാന്തരമായി, നമ്മുടെ ഡിജിറ്റൽ ലോകത്തിൽ നാശം സൃഷ്ടിക്കുന്ന പുതിയ മാരക വൈറസുകളെ ആരെങ്കിലും സൃഷ്ടിച്ചെന്നിരിക്കും. അപ്പോൾ ഒറ്റയടിക്ക് നമ്മുടെ ഡിജിറ്റൽ പ്രപഞ്ചം തകരും. നാം വീണ്ടും നമ്മുടെ പഴയ കൈയെഴുത്തിലേക്ക് മടങ്ങേണ്ടി വന്നേക്കാം. കാരണം, ഡിജിറ്റൽ ലോകവും വളരെ ലോലവും പരസ്പരബന്ധിതവും ആക്രമണ വിധേയവുമാണ്. ചുരുക്കത്തിൽ മനുഷ്യവർഗം വീണ്ടും ഒന്നേയെന്ന് എണ്ണി എല്ലാം പുതുതായി ആരംഭിക്കേണ്ടി വന്നേക്കാം. ഒരിക്കലും തകരുകയില്ല എന്നു കരുതപ്പെടുന്ന ഒരു ലോക വ്യവസ്ഥയുടെ പാരഡൈം അപ്പാടെ മാറിയാൽ, അത് ഒരു തരത്തിൽ ലോകാവസാനമാണ്. ആ സാധ്യതയും പടിവാതിൽക്കലുണ്ട് എന്ന് നമുക്ക് മറക്കാതിരിക്കാം.